# കേരള സ്കൂൾ ടീച്ചേഴ്സ് അസോസിയേഷൻ
# KSTA

**സംസ്ഥാനകമ്മിറ്റി, തൈക്കാട് - തിരുവനന്തപുരം 695014.**

**Ph: 0471-2324997,2327630 Fax: 0471-2324997. Web: www.kstakerala.in, E mail - kstatvm@gmail.com**


---

പ്രസിദ്ധീകരണത്തിന് ;
തിരുവനന്തപുരം, 25-10-2012

## സി.ബി.എസ്.ഇ സ്കൂളുകൾക്ക് എൻ.ഒ.സി -

# സർക്കാർ അപ്പീൽ നൽകാൻ വൈകുന്നതിനെതിരെ സ്കൂൾതല പ്രതിഷേധ കൂട്ടായ്മ

സി.ബി.എസ്.ഇ സ്കൂളുകൾക്ക് അംഗീകാരം നൽകുന്നതു സംബന്ധിച്ച് നിലവിലുായിരുന്ന വ്യവസ്ഥകൾ റദ്ദാക്കികൊുള്ള കേരള ഹൈക്കോടതി വിധിക്കെതിരെ സർക്കാർ അപ്പീൽ നൽകാൻ വൈകുന്നതിനെതിരെ ഒക്ടോബർ 29 മുതൽ 31 വരെ കേരളത്തിലെ എല്ലാ സ്കൂളുകളിലും സ്കൂൾതല പ്രതിഷേധ കൂട്ടായ്മ നടത്താൻ കെ.എസ്.ടി.എ സംസ്ഥാന കമ്മിറ്റി തീരുമാനിച്ചു. 12000 സ്കൂളുകളിലെ അധ്യാപകരും രക്ഷിതാക്കളും കൂട്ടായ്മയിൽ പങ്കെടുക്കും. പൊതുവിദ്യാലയങ്ങളുടെ നിലനിൽപ്പിനെ അപകടപ്പെടുത്തുന്നതാണ് കോടതിവിധി.

മലയാളം മീഡിയം സ്കൂളുകൾക്ക് നിലവാരമില്ലെന്നും കുട്ടികൾ കുറവുള്ള വിദ്യാലയങ്ങൾ അടച്ചുപൂട്ടി സി.ബി.എസ്.ഇ വിദ്യാലയങ്ങൾ ആരംഭിക്കണമെന്നും കോടതിവിധിയിൽ നിർദ്ദേശമു്. മലയാളം സ്കൂളുകളിൽ പഠിപ്പിക്കേതില്ലെന്നും അത് സ്കൂളുകളുടെ നിലവാരം കുറയ്ക്കുന്നതിനിടയാക്കുമെന്നുമാണ് കോടതിവിധി. എണ്ണായിരത്തിലധികം സർക്കാർ - എയ്ഡഡ് സ്കൂളുകൾ കുട്ടികളുടെ എണ്ണത്തിലും പഠനനിലവാരത്തിലും മുന്നിലാണെന്ന വസ്തുത കോടതികില്ലെന്നു നടിക്കുകയാണ്. കോടതിയിൽ സർക്കാർ അഭിഭാഷകരും സി.ബി.എസ്.ഇ മാനേജുമെന്റും ഒത്തുകളിച്ചതിന്റെ ഫലമായിട്ടുള്ള വിധിയാണിത്. ഇതിനെതിരെയുള്ള കേസിൽ കക്ഷിചേരാൻ കെ.എസ്.ടി.എ തീരുമാനിച്ചിരിക്കുകയാണ്. സർക്കാർ അപ്പീൽ നൽകാൻ വൈകിയാൽ ശക്തമായ പ്രക്ഷോഭമാരംഭിക്കുമെന്ന് ജനറൽ സെക്രട്ടറി എം.ഷാജഹാൻ മുന്നറിയിപ്പ് നൽകി.

**എം. ഷാജഹാൻ**
ജനറൽ സെക്രട്ടറി